## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6628** **04.04.2018 ൽ മറുപടിക്ക്**

**മണലൂർ മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | **ശ്രീ.ജി.സുധാകരൻ (ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മണലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; വ്യക്തമാക്കാമോ; | (എ) മണലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1.ഐ.ടി.ഐ മണലൂർ<br>2.വാടാനപ്പിള്ളി ഓഫീസ് കോംപ്ലക്സ്<br>3.വാടാനപ്പിള്ളി പോലീസ് സ്റ്റേഷൻ |
| (ബി) പ്രസ്തുത പ്രവൃത്തികളോരോന്നിന്റെയും പുരോഗതി സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ? | (ബി) പ്രസ്തുത പ്രവൃത്തികളോരോന്നിന്റെയും പുരോഗതി സംബന്ധിച്ച നിലവിലെ സ്ഥിതി അനുബന്ധം ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| | | |
|---|---|---|
| 1 | ഐ.ടി.ഐ മണലൂർ | G.O.(Rt)No.1531/13/LBR, Tvm Dated 02.09.2013 (A.S.130 Lakh, T.S.136.28 Lakh) പ്രകാരമുള്ള ഭരണാനുമതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുകയ്ക്കുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒന്നാംനിലയുടെ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല ഒന്നാംനിലയുടെ ബാക്കിയുള്ള പണികൾക്കും(ഫ്ളോറിംഗ്), രണ്ടാം നിലയുടെ നിർമ്മാണത്തിനും, ചുറ്റുമതിൽ നിർമ്മാണത്തിനുമായി 110 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട് |
| 2 | വാടാനപ്പിള്ളി ഓഫീസ് കോംപ്ലക്സ് | G.O.(Rt)No.263/14/PWD Dated 20.02.2014 (65 Lakh) പ്രകാരമുള്ള ഭരണാനുമതി അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസ് പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തന ക്ഷമമാക്കുന്നതിനു വേണ്ടി റാക്കുകൾ നിർമ്മിക്കുന്നതിനും, ഓഫീസ് കോംപ്ലക്സിനു ചുറ്റുമതിൽ കെട്ടുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്കുമായി 25,60,000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട് |
| 3 | വാടാനപ്പിള്ളി പോലീസ് സ്റ്റേഷൻ | വാടാനപ്പിള്ളിയിൽ പോലീസ് സ്റ്റേഷനു വേണ്ടി ഒരു പുതിയ കെട്ടിടം പണിയുവാൻ MLA-ADS ൽ G.O(Rt)No.679/16/Home Dated 26.02.2016 പ്രകാരം 40 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല ഇതു സംബന്ധിച്ച് വലപ്പാട് സർക്കിൾ ഇൻസ്പെക്ടറുമായി പലതവണ കത്തിടപാടുകൾ നടത്തിയിരുന്നുവെങ്കിലും നാളിതുവരെ മറുപടിയൊന്നും ലഭ്യമായിട്ടില്ല |

സെക്ഷൻ ഓഫീസർ